നം കെഎസ്എ.കെടിഎം.പി13-1726/2016 തീയതി-05.11.16

കോട്ടയം ജില്ലയിലെ കുട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം – വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കുട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.06.2016 മുതൽ 31.08.16 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. വർഗ്ഗീസ് ജോസഫ് , ഡെപ്യൂട്ടിഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.10.2016 മുതൽ 22.10.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.പി.ബി.നടരാജൻ, ഓഡിറ്റ് ഓഫീസർ<br>ശ്രീമതി ഡാനിമോൾ കെ.ജെ, അസി.ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.വി.ലേഖ, അസി.ഓഡിറ്റ് ഓഫീസർ<br>ശ്രീ.രാജേഷ് എം, അസി.ഓഡിറ്റ് ഓഫീസർ<br>ശ്രീ.രഞ്ജിത് എം, സീനിയർ ഗ്രേഡ് ഓഡിറ്റർ |

ബി) നിർവഹണാധികാരികൾ

<u>പ്രസിഡന്റ്</u>

| | |
|---|---|
| ശ്രീ.വി.എ ജോസഫ് | 01-04-2015 മുതൽ .31-10-2015 വരെ |
| ശ്രീമതി ബിന്ദു രവീന്ദ്രൻ | 31-10-2015 മുതൽ 31-03-2016 വരെ |

<u>സെക്രട്ടറി</u>

| | |
|---|---|
| ശ്രീ കെ.സെൻകുമാർ | 01-04-2015 മുതൽ 27-07-2015 വരെ |
| ശ്രീ ജയപ്രകാശ്.പി | 27-07-2015 മുതൽ 19-08-2015 വരെ |
| ശ്രീ സേവ്യർ എ | 19-08-2015 മുതൽ 13-12-2015 വരെ |
| ശ്രീ സോഫിയമാത്യു (ചാർജ്) | 14-12-2015 മുതൽ 13-01-2016 വരെ |
| ശ്രീ ജയപ്രകാശ്.പി | 14-01-2016 മുതൽ 31-03-2016 വരെ |

<u>മറ്റ് നിർവ്വഹണോദ്യോഗസ്ഥർ</u>

| | |
|---|---|
| ശ്രീ.മുഹ്സിൻ പി എം(അസിസ്റ്റന്റ് സെക്രട്ടറി ഇൻചാർജ് ) | 01-04-2015 to14-06-2015 |
| ശ്രീമതി ഷീബാമോൾ.കെ എം അസിസ്റ്റന്റ് സെക്രട്ടറി | 15-06-2015 - 19-08-2015 |
| ശ്രീമതി സോഫിയാമാത്യു അസിസ്റ്റന്റ് സെക്രട്ടറി | 19-08-2015 - 31-03-2016 |
| ശ്രീ.സതീഷ്കുമാർ പി എസ് വി.ഇ.ഒ | 01-04-2015 - 31-03-2016 |
| ശ്രീ.എം റ്റി.മുത്തുസ്വാമി | 01-04-2015 - 22-05-2015 |
| ശ്രീമതി ഹണി ലിസ ചാക്കോ | 23-05-2015 - 18-12-2015 |
| ശ്രീ.എ ബ്രഹാംസ്കറിയ | 19-12-2015 - 31-0302016 |
| ഡോ. കെ സി ചെറിയാൻ മെഡിക്കൽ ഓഫീസർ | 01-04-2015 - 31-07-2015 |
| ഡോ .പ്രസൂൺ മാത്യു | 01-08-2015 – 31-03-2016 |
| ഡോ .പ്രദീപ് തോമസ് (ആയു) | 01-04-2015 - 31-03-2016 |
| ശ്രീ.നെൽസൺ എം മാത്യു | 01-04-2015 - 31-05-2015 |
| ഡോ.റോസ്മി.കെ ബേബി | 1-04-2015 - 31-03-2016 |
| ശ്രീമതി പി.കെ ഗീത. ICDSസൂപ്പർവൈസർ | 1-04-2015 - 31-03-2016 |
| ശ്രീമതി സൂസൻജോസഫ് ഡയറി ഫാം ഇൻസ്ട്രക്ടർ | 1-04-2015 - 31-03-2016 |
| ശ്രീമതി ജയദേവൻ കെ ഹെഡ്മാസ്റ്റർ | 1-04-2015 - 31-03-2016 |
| ശ്രീമതി പ്രമോദ്ഗോപൻ അസ്സി.എഞ്ചിനീയർ | 1-04-2015 - 15-06-2015 |
| ശ്രീമതി അന്നമ്മജോൺ അസ്സി.എഞ്ചിനീയർ | 16-05-2015 - 31-03-2016 |

ഭാഗം 1--പൊതു അവലോകനം

| | |
|---|---|
| ഖണ്ഡിക നമ്പർ | |
| ബജറ്റ് | 1-1 |
| വാർഷിക ധനകാര്യപത്രിക | 1-2 |
| വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| സാമ്പത്തിക വിശകലനം | 1-4 |
| ഫണ്ട് വിനിയോഗം | 1-5 |
| പദ്ധതി അവലോകനം | 1-6 |
| തനതുവരുമാനം | 1-7 |
| സാമൂഹ്യക്ഷേമപദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി | 1-8 |

| | |
|---|---|
| ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| മറ്റ് ഓഡിററുകൾ നടത്തിയതിന്റെ വിവരം | 1-10 |
| അനുബന്ധ പത്രികകൾ | 1-11 |
| ഭാഗം 2 വരവുകണക്കുകൾ | |
| വാർഷികകണക്കുകളുടെ അവലോകനം | 2-1 |
| വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തുനികുതി ചുമത്തി | 2-2 |
| അനധികൃത കെട്ടിടം ക്രമവല്ക്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചില്ല. | 2-3 |
| ഹോംസ്റ്റേകളുടെ വിവരശേഖരണം നടത്തിയിട്ടില്ല. | 2-4 |
| തൊഴിൽ നികുതി ഡിമാൻറ് ചെയ്തിട്ടില്ല. | 2-5 |
| ലേലം -അപാകതകൾ | 2-6 |
| വാടക - രേഖകളും രജിസ്റ്ററുകളും കൃത്യമല്ല. | 2-7 |
| പശ്ചിമഘട്ടവികസനപദ്ധതി- ഭീമമായ തുക അക്കൗണ്ടിൽ അവശേഷിക്കുന്നു. | 2-8 |
| ബിറ്റുമിൻ ബാരൽ വില ഈടാക്കിയില്ല | |
| ഭാഗം 3 ചെലവുകണക്കുകൾ | |
| റൂഫിംഗ് പ്രവൃത്തി അധികതുക നല്കിയത് സംബന്ധിച്ച് | 3-1 |
| ജലനിധി പദ്ധതി | 3-2 |
| പറത്താനം പൊതുകുളവും പരിസരവും വൃത്തിയാക്കൽ– നിർവഹണത്തിലെ അപാകതകൾ | 3-3 |
| പാലിയേറ്റീവ് കെയർ പദ്ധതി സർക്കാർ നിർദ്ദേശം മറികടന്ന് റിഫ്രെഷ്മെൻറ് ചാർജ്ജ് നൽകിയത് സംബന്ധിച്ച്. | 3-4 |
| അംഗപരിമിതർക്ക് മെഡിക്കൽ ക്യാമ്പ് - സഹായോപകരണങ്ങൾ - വിതരണത്തിൽ കാലതാമസം | 3-5 |
| ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കേണ്ട വേലക്ക് ഡി.എസ്.ആർ - പഞ്ചായത്തിന് അനാവശ്യചെലവ് | 3-6 |
| ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 3-7 |
| ബിറ്റുമിൻ വിലയിലുണ്ടായ ഗണ്യമായ കുറവ് പഞ്ചായത്തിന് നേട്ടം ലഭിച്ചില്ല | 3-8 |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| വായ്പ-വായ്പ തിരിച്ചടവ് | 4-4 |

| | |
|---|---|
| സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| ഓഡിറ്റ് റിക്കവറി | 4-6 |
| സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-7 |
| ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| തീർപ്പാക്കാൻ അവശേഷിയ്ക്കുന്ന റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തീയതി | 11/28-03-2015 |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 27.07.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 10067083 |
| വരവ് | 33486117 |
| ആകെ | 43553200 |
| ചെലവ് | 37805679 |
| നീക്കിബാക്കി | 5747521 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി ബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 14332 | 5992970 | 6007302 | 6007302 | 3552452(+) | 0 |
| വികസന ഫണ്ട്(എസ്.സി.പി) | 1384370 | 2405241 | 3789611 | 3789611 | 819170 (-) | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 315713 | 376202 | 691915 | 691915 | 225713 (-) | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 958107 | 2180019 | 3138126 | 3138126 | | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 436803 | 1430380 | 1867183 | 1867183 | | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 995587 | 2486014 | 3481601 | 3481601 | | 0 |
| ലോക ബാങ്ക് സഹായം | 2123894 | | 2123894 | 2123894 | 1237475 (-) | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 162 | 139 | - | 23 | 85.8 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷിഓഫീസർ | 1 | 1 | 101250 | 101250 | 100 |
| വെറ്ററിനറിസർജൻ | 8 | 8 | 995723 | 682982 | 68.59 |
| മെഡിക്കൽഓഫീസർ | 4 | 4 | 567130 | 467130 | 82.36 |
| വി.ഇ.ഓ | 5 | 4 | 1556500 | 1460500 | 93.83 |

| | | | | | |
|---|---|---|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 5 | 1914400 | 1611159 | 84.16 |
| സെക്രട്ടറി | 29 | 22 | 9225919 | 6294986 | 68.23 |
| അസിസ്റ്റന്റ്എഞ്ചിനീയർ | 91 | 79 | 15290397 | 12019563 | 78.6 |
| ഡയറിഫാം ഇൻസ്ട്രക്ടർ | 1 | 1 | 40000 | 40000 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 18 | 15 | 2955083 | 1702742 | 57 |
| ആകെ | 162 | 139 | 32646402 | 24380312 | 74.68 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2798254 | 2423491 | (-) 374763 | (-)13.39% |
| നികുതിയേതര വരവുകൾ | 233747 | 218644 | (-) 15103 | (-) 6.46% |
| മറ്റ് വരവുകൾ (ഇനം തിരിച്ച്) | 45001 | 75535 | 30534 | (+) 67.85 % |
| ആകെ | 3077002 | 2717670 | (-) 359332 | (-) 11.67 |

## 1-8 ക്ഷേമപദ്ധതികൾ

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസ മുണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 25 | 9 | 8 | പെരുമാറ്റച്ചട്ടം |
| 2 | തൊഴിൽ രഹിത വേതനം | 1 | 1 | - | |
| 3 | വിധവാ പെൻഷൻ | 33 | 23 | 3 | പെരുമാറ്റച്ചട്ടം |
| 4 | വികലാംഗ പെൻഷൻ | 8 | 8 | 2 | |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | - | - | - | |
| 6 | വാർദ്ധക്യകാല പെൻഷൻ | 328 | - | 42 | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന19-10-2016 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 11106രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 19.09.2016<br>20.09.2016 | 08/2016<br>വരെ | 18.10.2016 |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 21.05.2009<br>02.06.2009 | 2008-09<br>വരെ | |

## 1-11 അനുബന്ധ പത്രികകൾ

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ്
3. ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ്
4. റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷികകണക്കുകളുടെ അവലോകനം

2015-16 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1. 26.07.2011 ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി. യിലെ നിർദേശം പാലിച്ച് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

## 2-2 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തുനികുതി ചുമത്തി.

വസ്തുനികുതി സംബന്ധിച്ച അസസ്മെന്റ് രജിസ്റ്റർ, സഞ്ചയ സോഫ്റ്റ്‌വെയർ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് ആകെ വിസ്തീർണ്ണം 100ച മീ ൽ കൂടുതലാണെങ്കിലും വ്യത്യസ്ത മുറികളായി കണക്കാക്കിയതിനാൽ (വാണിജ്യാവശ്യത്തിനുള്ളവ- 100ച മീ വരെ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന രീതിയിൽ ) കുറഞ്ഞ നിരക്കിൽ നികുതി ചുമത്തിയതായി കാണുന്നു.

1)കെട്ടിട ഉടമ-ശ്രീ.റെജി തോമസ്, കുളമറ്റത്തിൽ, പാറത്തോട്

| കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച മീ) | അടിസ്ഥാന വസ്തുനികുതി @ 40/ച മീ | (നികുതി + ലൈബ്രറി സെസ്)<br>(വർദ്ധനവ് - 5മീറ്റർ വഴി-20%)<br>ഇളവ്-വാണിജ്യാവശ്യത്തിനുള്ള ബഹുനിലകെട്ടിടം- 5% | ചുമത്തേണ്ട നികുതി @ 70/ച.മീ. |
|---|---|---|---|---|
| 11/587 (ഒന്നാം നില) | 100 | 4000 | നികുതി-4000+800-240=4560<br>L C=228<br>ആകെ=4560+228=4788 | 145.89x70=10212.30<br>വർദ്ധനവ്=2042.46<br>ഇളവ്=612.74<br>ആകെ= 11642 |
| 11/588 | 23.44 | 937.6 | നികുതി-937.6+187.52-56.3=1070 | |

| | | | | |
|---|---|---|---|---|
| (ഒന്നാം നില) | | | L C=54<br>ആകെ=1070+54=1124 | L.C=582 |
| 11/589 (ഒന്നാം നില) | 22.45 | 898 | നികുതി-898+179.6-53.9=1025<br>L C=52<br>ആകെ=1025+52=1077 | |
| ആകെ | 145.89 | | 6655+334=6989 | 11642+582=12224 |

2)കെട്ടിട ഉടമ- ശ്രീ.ജോസഫ് എം, കള്ളിവയലിൽ, കുട്ടിക്കാനം

| കെട്ടിട നമ്പർ | തറവിസ്തീർണ്ണം (ച മീ) | അടിസ്ഥാന വസ്തുനികുതി @ 40/ച മീ | (നികുതി + ലൈബ്രറി സെസ്) (വർദ്ധനവ് – 5മീറ്റർ വഴി-20% ) | ചുമത്തേണ്ട നികുതി @ 70/ച.മീ. |
|---|---|---|---|---|
| 9/213K | 18.75 | 750 | നികുതി-750+150=900<br>L C=45<br>ആകെ=945 | 12x18.75x 70 = 15750<br>വർദ്ധനവ് =3150<br>ആകെ =18900<br>L C =945 |
| 9/213L | 18.75 | 750 | " | |
| 9/213M | 18.75 | 750 | " | |
| 9/213N | 18.75 | 750 | " | |
| 9/213O | 18.75 | 750 | " | |
| 9/213P | 18.75 | 750 | " | |
| 9/213Q | 18.75 | 750 | " | |
| 9/213R | 18.75 | 750 | " | |
| 9/213S | 18.75 | 750 | " | |
| 9/213T | 18.75 | 750 | " | |
| 9/213U | 18.75 | 750 | " | |
| 9/213V | 18.75 | 750 | " | |
| ആകെ | 225 | | 10800+540=11340 | 18900+945=19945 |

100ച മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ളതും വാണിജ്യാവശ്യത്തിനുള്ളതുമായ ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ കെട്ടിടങ്ങൾക്ക് 70/-ച മീ.രൂപ നിരക്കിൽ നികുതി ഈടാക്കുവാൻ ഭരണസമിതി തീരുമാനം എടുത്തിരുന്ന സാഹചര്യത്തിൽ പ്രസ്തുത കെട്ടിടങ്ങൾക്ക് ഇപ്രകാരം കുറഞ്ഞ നിരക്കിൽ നികുതി

നിശ്ചയിച്ചതു സംബന്ധിച്ച് വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നമ്പർ-13 ) മുഖാന്തിരം ആവശ്യപ്പെട്ടിരുന്നു. ആയതിന് ലഭ്യമാക്കിയ മറുപടിയിൽ, ഈ കെട്ടിടങ്ങൾക്ക് പെർമിറ്റ് എടുത്ത സമയത്ത് സമർപ്പിച്ചിരുന്ന പ്ലാനിൽ അളവ് മുഴുവനായി രേഖപ്പെടുത്തിയിരുന്നതും എന്നാൽ കെട്ടിടം കംപ്ലീറ്റുചെയ്ത സമയത്ത് ഓരോ മുറികളായി തിരിച്ച് കച്ചവടാവശ്യത്തിനായി ഓരോ നമ്പറിൽ ടാക്സ് അസ്സസ്സുചെയ്യേണ്ടതിനാലാണ് ടി കെട്ടിടമുറികളെ 100ച മീറ്ററിൽ താഴെയുള്ള നിരക്കായ 40/-രൂപ നിരക്കിൽ അസ്സസ്സുചെയ്ത് കരം ഈടാക്കിയതെന്നും അറിയിച്ചിട്ടുണ്ട്. ഈ മറുപടി തൃപ്തികരമല്ല. ആയതിനാൽ ഈ കെട്ടിടങ്ങളുടെ ഉപയോഗക്രമം സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തേണ്ടതും വസ്തുനികുതി പരിഷ്കരിച്ച് കുറവുവന്ന തുക ഈടാക്കേണ്ടതുമാണ്.

## 2-3 അനധികൃത കെട്ടിടം ക്രമവല്ക്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചില്ല.

11-ാംവാർഡിൽ ശ്രീ.റെജി തോമസ്, കുളമറ്റത്തിൽ, പാറത്തോട് എന്നയാളുടെ 569-574നമ്പർ കെട്ടിടത്തിന്റെ ഒന്നാമത്തെ നിലയിൽ 161.85ച മീ അളവിൽ നിർമ്മാണപ്രവൃത്തികൾ നടത്തുന്നതിന് K4-501/14/20.3.2014 നമ്പരായി ഗ്രാമപഞ്ചായത്തിൽനിന്ന് കെട്ടിടനിർമ്മാണ പെർമിറ്റ് അനുവദിച്ചിരുന്നു. എന്നാൽ ടിയാൻ ഇതിൽ നിന്ന് വ്യതിചലിച്ച് രണ്ടാമത്തെ നിലയിലും നിർമ്മാണം (പാർപ്പിടാവശ്യത്തിനുള്ള 2ഫ്ലാറ്റുകൾ- 65.34ച മീ, 33.77ച മീ) പൂർത്തിയാക്കിയിട്ടുള്ളതായി സെക്ഷൻ ക്ലാർക്ക് റിപ്പോർട്ടുചെയ്തിരുന്നു. ഇതു സംബന്ധിച്ച് ടിയാനോട് വിശദീകരണം ആരാഞ്ഞതിൽ രണ്ടാമത്തെ നിലയുടെ പണികൾ പൂർത്തീകരിച്ചിട്ടില്ലായെന്നും ടി നിർമ്മാണത്തിന് പഞ്ചായത്തിന്റെ അനുമതി വാങ്ങിയിരുന്നില്ലായെന്നും കെട്ടിടത്തിന് ഫയർ& സേഫ്റ്റിയുടെ നിരാക്ഷേപപത്രം ആവശ്യമായതിനാൽ ആയത് ലഭ്യമാകുന്നമുറയ്ക്ക് നമ്പർ ലഭിക്കുന്നതിനുള്ള അപേക്ഷ തന്നുകൊള്ളാമെന്നും അറിയിച്ചതായും ഈ വിവരങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ള കരാർ ഹാജരാക്കിയിട്ടുള്ളതായും ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇതിനെത്തുടർന്ന് പെർമിറ്റ് ലഭിച്ച കെട്ടിടഭാഗത്തിന് നികുതി നിർണ്ണയിച്ച് നമ്പർ (11/587, 588, 589) നൽകിയിട്ടുണ്ട്. എന്നാൽ ഈ അനധികൃതനിർമ്മാണം തടയുന്നതിനോ അനധികൃതമായി നിർമ്മിച്ച കെട്ടിടത്തിന്റെ വിവരങ്ങൾ Unauthorised Construction Registerൽ ചേർത്ത് തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ- 14) ടി കെട്ടിടം അനധികൃതനിർമ്മാണ രജിസ്റ്ററിൽ ഉൾപ്പെടുത്തി കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235എഎ പ്രകാരം വസ്തുനികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235എഎ പ്രകാരം ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം അനധികൃതമായി നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്യുന്നപക്ഷം അയാൾക്കെതിരെ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിക്ക് ഹാനി കൂടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ, ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചുമാറ്റുന്ന തീയതി വരെ, പ്രസ്തുത കെട്ടിടം നിയമാനുസൃതമായിരുന്നെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക, അപ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തുനികുതിയായി നൽകുവാൻ അയാൾ ബാധ്യസ്ഥനായിരിക്കുന്നതാണ്. ആയതിനാൽ ഈ കെട്ടിടം ക്രമവൽക്കരിക്കുന്നതിന് അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതും നാളിതുവരെയുള്ള വസ്തുനികുതി ഈടാക്കേണ്ടതുമാണ്.

## 2-4 ഹോംസ്റ്റേകളുടെ വിവരശേഖരണം നടത്തിയിട്ടില്ല.

സ.ഉ.(അ)നമ്പർ 36/2015/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി 24.2.2015 പ്രകാരം (14.01.2011 തീയതിയിലെ സ.ഉ.(അ) 19/2011/ത.സ്വ.ഭ.വ. നമ്പറിലുള്ള വസ്തുനികുതി പരിഷ്കരണ ഉത്തരവിന് പുറപ്പെടുവിച്ച ഭേദഗതി ഉത്തരവ്) സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ എന്നിവയ്ക്ക് ചതുരശ്രമീറ്ററിന് 30 രൂപ മുതൽ 60 വരെ നിരക്കിൽ നികുതി ഈടാക്കാവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇവയുടെ നിരക്ക് സംബന്ധിച്ച് ഭരണസമിതി തീരുമാനം എടുത്തിട്ടില്ലാത്തതായി കാണുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിൽ ശ്രീ.സൈജൻ, പുളിക്കൽ, പ്ലാപ്പള്ളി എന്നയാളുടെ ഉടമസ്ഥതയിൽ കിംഗ്‌ലി ഹെവൻ ഹെറിറ്റേജ് ബംഗ്ലാവ് എന്ന ഹോംസ്റ്റേ (KTDCയുടെ ഡയമണ്ട് ക്ലാസ്സിഫിക്കേഷനിൽ ഉൾപ്പെട്ടത്) പ്രവർത്തിക്കുന്നതായി www.kinglyheaven.com എന്ന സൈറ്റിൽ നിന്ന് വ്യക്തമാകുന്നു. മേൽപ്പറഞ്ഞ സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ഹോംസ്റ്റേകളുടെ ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി സംബന്ധിച്ച സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിട്ടുമില്ല. ശ്രീ.സൈജൻ, പുളിക്കൽ, പ്ലാപ്പള്ളി എന്നയാളുടെ

ഉടമസ്ഥതയിൽ 3/280(127ചതുരശ്രുമീ) എന്ന കെട്ടിടം അസ്സസ്സചെയ്തിട്ടുണ്ടെങ്കിലും ആയത് പാർപ്പിടാവശ്യം എന്ന രീതിയിൽ ചതുരശ്രുമീറ്ററിന് 7/-രൂപ നിരക്കിലാണ് വസ്തുനികുതി കണക്കാക്കിയിട്ടുള്ളത്. ഇതുസംബന്ധിച്ച വിശദീകരണം അടിയന്തിരമായി ഓഡിറ്റിൽ ലഭ്യമാക്കുന്നതിന് 12-നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ആയതിന് ലഭ്യമാക്കിയ മറുപടിയിൽ, മേൽപ്പറഞ്ഞ കെട്ടിടത്തെപ്പറ്റി വിശദമായി അന്വേഷണം നടത്തി ഹോംസ്റ്റേ ആയി പ്രവർത്തിക്കുന്നുവെങ്കിൽ ഈ നിരക്കിലുള്ള നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഹോംസ്റ്റേകൾ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 തൊഴിൽ നികുതി ഡിമാൻറ് ചെയ്തിട്ടില്ല.

താഴെ പ്രതിപാദിക്കുന്ന സ്ഥാപനങ്ങളുടെ 2015-16 വർഷം സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഒടുക്കിയിട്ടില്ലാത്തതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അവസാനം നികുതി ഒടുക്കിയ വർഷം |
|---|---|---|
| 1 | കള്ള് ഷാപ്പ് പറത്താനം | 2013-14 ഒന്നാം പകുതി |
| 2 | തളിയത്ത് ഫിനാൻസ് | 2011-12 രണ്ടാം പകുതി |
| 3 | കള്ള്ഷാപ്പ് ഇളംകാട് | 2010-11 രണ്ടാം പകുതി |
| 4 | ആൽഫാ ഫിനാൻസ് | 2013-14 ഒന്നാം പകുതി |
| 5 | പുളിക്കൽ ഫിനാൻസ് | 2015-16 ഒന്നാം പകുതി |
| 6 | കെ.എം.ജെ പബ്ളിക് സ്കൂൾ | 2014-15 രണ്ടാം പകുതി |

മേൽ പ്രതിപാദിച്ച സ്ഥാപനങ്ങളിൽ നിന്നും പലിശ സഹിതം നികുതി ഈടാക്കേണ്ടതാണ്.

## 2-6 ലേലം -അപാകതകൾ

കൂട്ടിക്കൽ ഗ്രാമപഞ്ചായത്ത് 2015-16 സാമ്പത്തിക വർഷം നടത്തിയ ലേലത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.ഏന്തയാർ ഷോപ്പിംഗ് കോപ്ലക്സ് 352 A നമ്പർ മുറി മൂന്ന തവണ ലേലത്തിന് വെച്ചിട്ടും ആരും ലേലം കൊണ്ടതായി കാണുന്നില്ല. ലേല ഡയറി പരിശോധിച്ചതിൽ 02.05.15 നടന്ന ലേലത്തിൽ പി.ജി.വിഷ്ണു പ്ലാമൂട്ടിൽ,വി.ജി.കൃഷ്ണൻകുട്ടി വെട്ടിക്കൽ ഏന്നീ രണ്ടു വ്യക്തികൾ ലേലത്തിൽ പങ്കുകൊണ്ടതായി കാണുന്നു. ഇതിൽ പി.ജി.വിഷ്ണു എൺപത്തിയൊന്നായിരം രൂപ ലേലം വിളിച്ചിട്ടുണ്ടങ്കിലും ലേലം ഉറപ്പിച്ച് 81000 രൂപ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാതെ ടി മുറി പുനർ ലേലം നടത്തുന്ന തീരുമാനിച്ചതിന്റെ കാരണം വ്യക്തമല്ല. എന്നാൽ 15.06.15 നടന്ന പുനർ ലേലത്തിൽ പി.ജി.വിഷ്ണു,സാജിത്ത് നെടുംപുറത്ത് എന്നീ രണ്ടു വ്യക്തികൾ പങ്കെടുത്തു. ശ്രീ.പി.ജി.വിഷ്ണുവിന് 12100 രൂപയ്ക്ക് ലേലം ഉറപ്പിച്ചതിനു ശേഷം വീണ്ടും പുനർ ലേലത്തിന് ശുപാർശ ചെയ്തു തായി ലേല ഡയറിയിൽനിന്നും വ്യക്തമാകുന്നു. എന്നാൽ കെ16.09.15 ലെ കെ4/1159/15നമ്പർ പ്രകാരം പുനർ ലേലത്തിന് നോട്ടീസ് നൽകിയെങ്കിലും ടി മുറി ലേലം നടത്തിയതായി കാണുന്നില്ല. ആയതിനാൽ ലേലം ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട 81000 രൂപ നഷ്ടമാക്കിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടി അപൂർണ്ണമാണ്.

2.ടി മുറി(VI/352A) ശ്രീ.എം.കെ.ചന്ദ്രൻ എന്ന വ്യക്തി ഉപയോഗിച്ചുവരുകയായിരുന്നു. സെക്യൂരിറ്റി ഡെപ്പോസിറ്റായി 81000 രൂപ ശ്രീ.ചന്ദ്രനിൽ നിന്നും ഈടാക്കിയിരുന്നു. എന്നാൽ 2015-16 സാമ്പത്തിക വർഷം ടി വ്യക്തി മുറി ഒഴിയുകയും സെക്ക്യൂരിറ്റി ഡെപ്പോസിറ്റ് കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. എന്നാൽ 2015-16 വർഷം ഡെപ്പോസിറ്റ് ഇനത്തിൽ 1000 രൂപ മാത്രമാണ് നിശ്ചയിച്ചിട്ടുള്ളത്. ഡെപ്പോസിറ്റ് തുകയിൽ ഇത്രയും അധികം തുക ഇളവ് അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## 2-7 വാടക - രേഖകളും രജിസ്റ്ററുകളും കൃത്യമല്ല.

കൂട്ടിക്കൽ ഗ്രാമ പഞ്ചായത്തിന്റെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ 8 കടമുറികളാണ് വാടകയ്ക്ക് കൊടുത്തിരിക്കുന്നതെന്ന് വ്യക്തമാകുന്നു. ടി മുറികളുടെ വാടക പരിഷ്കരിച്ചിട്ടുണ്ടെങ്കിലും വാടകക്കാരുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. റ്റി.പി.റഷീദ്(xii)ടോം ജോസഫ്(iii/176 c) അൻസാർ.എൻ. എം.(xi/144) ജോസഫ് ഫ്രാൻസിസ് (vi/303c,iii/176 a) എന്നിവർ സമർപ്പിച്ച ശൂന്യമായ മുദ്രപ്പത്രങ്ങൾ മാത്രമാണ് ഓഡിറ്റിൽ സൂക്ഷിച്ചിട്ടുള്ളത്. വർഗീസ്ആറാണിവീട്ടിൽ(vi/352c,vi/352 b) സി.റ്റി.കുര്യൻ(vi/303e) ചേരിംപുറത്ത് എന്നിവരുടെ കരാർ വ്യവസ്ഥകൾ സംബന്ധിച്ച യാതൊരു വിവരങ്ങളും ലഭ്യമല്ല. നിയമാനുസൃതമുള്ള കരാർ തയ്യാറാക്കാതെ മുറി വാടകയ്ക്കുനല്കിയത് നിയമവിരുദ്ധമാണ്. നിയമവിരുദ്ധമായി മുറി കൈവശം വച്ചിരിക്കുന്നവരെ ഒഴിപ്പിക്കുന്നതുൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് .

## 2-8 പശ്ചിമഘട്ടവികസനപദ്ധതി- ഭീമമായ തുക അക്കൗണ്ടിൽ അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ പശ്ചിമഘട്ടവികസനപദ്ധതി നടപ്പാക്കുന്നതിനായി പ്രസിഡന്റിന്റെയും കൃഷി ഓഫീസറുടെയും പേരിൽ ആരംഭിച്ച താഴെപ്പറയുന്ന സംയുക്ത അക്കൗണ്ടുകളിലായി ആകെ 1965546/-രൂപ അവശേഷിക്കുന്നതായി പാസ്ബുക്കുകൾ വ്യക്തമാക്കുന്നു.

| ഉദ്ദേശ്യം | ബാങ്ക് അക്കൗണ്ട് നമ്പർ | അവശേഷിക്കുന്ന തുക |
|---|---|---|
| ചോലത്തടം വാട്ടർഷെഡ് | 86/2008<br>മീനച്ചിൽ ഈസ്റ്റ് അർബൻ ബാങ്ക് കൂട്ടിക്കൽ | 27058/-(11.8.2016) |
| വല്യേന്ത വാട്ടർഷെഡ് | 67008318610<br>എസ് ബി ടി കൂട്ടിക്കൽ | 1930332/-(26.8.2016) |
| ഞർക്കാട് വാട്ടർഷെഡ് | 67008318643<br>എസ് ബി ടി കൂട്ടിക്കൽ | 8156/-(9.8.2016) |

കൂടാതെ, ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രിക പ്രകാരം സെക്രട്ടറിയുടെ പേരിലുള്ള താഴെപ്പറയുന്ന അക്കൗണ്ടുകളിലായി ആകെ 123748/-രൂപയും അവശേഷിക്കുന്നുണ്ട്.

| ഉദ്ദേശ്യം | ബാങ്ക് അക്കൗണ്ട് നമ്പർ | അവശേഷിക്കുന്ന തുക |
|---|---|---|
| വേലനിലം വാട്ടർഷെഡ് | 67231294681<br>എസ് ബി ടി കൂട്ടിക്കൽ | 107114/-(31.3.2016)<br>109922/-(25.7.2016) |
| വേലനിലം വാട്ടർഷെഡ് | 67231295765<br>എസ് ബി ടി കൂട്ടിക്കൽ | 16634/-(31.3.2016)<br>3842/-(25.7.2016) |

ഗ്രാമപഞ്ചായത്തിൽ ലഭിച്ചതും ഇതുവരെ ചെലവഴിക്കാത്തതുമായ പശ്ചിമഘട്ടവികസനപദ്ധതിവിഹിതവും പലിശയും പശ്ചിമഘട്ട സെൽ ജോയിന്റ് ഡയറക്ടറുടെ പേരിൽ ചെക്കുപ്രകാരം നൽകുന്നതിന് 720/15ഡബ്ല്യൂ.ജി/ഡി പി ഒ/കെ ടി എം/4.10.2016നമ്പരായി ജില്ലാകളക്ടർ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ഈ പദ്ധതിയ്ക്കായുള്ള എല്ലാ അക്കൗണ്ടുകളിലും അവശേഷിക്കുന്ന മുഴുവൻ തുകയും തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-9 ബിറ്റുമിൻ ബാരൽ വില ഈടാക്കിയില്ല

കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിൽ 2015-16 വർഷം അസിസ്റ്റന്റ്എഞ്ചിനീയർ നിർവ്വഹണം നടത്തിയ റോഡ്ടാറിംഗ്/റീടാറിംഗ്പ്രവൃത്തികളിൽ കൺവീനർ ഉപയോഗിച്ചിട്ടുള്ളത് വി.ജി.30 ഗ്രേഡ് ബിറ്റുമിൻ

ആണ്.എസ്റ്റിമേറ്റിൽ ഇതിന് 41000രൂപ/ടൺ തുകയും കോസ്ററ് ഇൻഡക്സും ഉൾപ്പെട്ടിട്ടുണ്ട്.കരാറുകാർ ഹാജരാക്കിയിട്ടുള്ളതും സിഡ്കോയിൽ നിന്നുള്ളതുമായ റീട്ടെയിൽ ഇൻവോയ്സ് പ്രകാരംബിറ്റുമിൻ നല്കിയിട്ടുള്ളത്161.8kg ഉൾക്കൊള്ളുന്ന ബാരലുകളിലാണ്.ഈ സാഹചര്യത്തിൽ പ്രവൃത്തി പൂർത്തിയാകുന്ന മുറക്ക് പഞ്ചായത്തിന് അവകാശപ്പെട്ട ബാരൽ മടക്കി വാങ്ങുകയോ അല്ലെങ്കിൽ ആയതിന്റെ വില ബില്ലിൽ കുറച്ച ശേഷം കൺവീനർക്ക് തുക നൽകുകയോ ചെയ്യേണ്ടതായിരുന്നു.ഇതുചെയ്യാത്തതുമൂലം പഞ്ചായത്തിന് വരവ് നഷ്ടം ഉണ്ടായിട്ടുള്ളതായി കാണുന്നു .വിശദവിവരം ചുവടെ ചേർക്കുന്നു

| ക്ര.നം | പ്രോ.നം/പ്രോജക്ട് | ബാരൽ എണ്ണം | തുക ഡി.ഡി.നം | കൺവീനർ |
|---|---|---|---|---|
| 1 | 23/16 ഇളങ്കാട് റോഡ് | 5 | 229410/- 228082/2.3.16 | രാജേഷ്.എസ് |
| 2 | 37/16 കുട്ടിക്കൽ-പ്ലാപ്പള്ളി റോഡ് | 16 | 369743/- 228080/2.3.16 | കെമോഹൻദാസ് |
| 3 | 68/16 ഏന്തയാർ-മുണ്ടപ്പള്ളി റോഡ് | 14 | 276791/- 228086/2.3.16 | സതീശൻ |
| 4 | 167/16 കുട്ടിക്കൽ-പ്ലാപ്പള്ളി റോഡ് | 4 | 95316/- 228084/2.3.16 | പ്രിൻസ്ജോസഫ് |
| 5 | 39/16 ഗുരുമന്ദിരം-കുപ്പ് റോഡ് | 8 | 184331/- 228579/17.2.16 | റജിമോൻ |
| 6 | 162/16 ചാത്തൻപ്ലാപ്പള്ളി-കുന്തൻപാറ | 17 | 368429/- 22883/17.2.16 | സന്തോഷ് |
| 7 | 38/16 ഏന്തയാർ-മുണ്ടപ്പള്ളി | 12 | 277303/- 228588/17.2.16 | സിസിജോസഫ് |
| 8 | 124/16 പത്തേക്കർ-മുണ്ടപ്പള്ളി | 13 | 277286/- 228585/17.2.16 | ഭാസ്കരൻ |

| | | | | |
|---|---|---|---|---|
| | ആകെ | 89 | | |

മേൽ അപാകതയിലുള്ള വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയിട്ടില്ല.ഈ സാഹചര്യത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട22250/-രൂപയും നികുതിയും(89x250=22250)ഉത്തരവാദിയായ അസിസ്റ്റന്റ്എഞ്ചിനീയറിൽ നിന്നും ഈടാക്കി 22250രൂപ പഞ്ചായത് ഫണ്ടിലും നികുതി നിശ്ചിത ശീർഷകത്തിലും അടവാക്കേണ്ടതാണ്.

## 2-10 പ്രത്യേക പദ്ധതിയ്ക്കായുള്ള വിഹിതങ്ങൾ തനത്ഫണ്ടിൽ അവശേഷിക്കുന്നു.

വിവിധ പദ്ധതികളുടെ ഭാഗമായി ഗ്രാമപഞ്ചായത്തിന് ലഭിക്കുകയും ഗ്രാമപഞ്ചായത്തിന്റെ തനത് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതുമായ തുകകളിൽ നീക്കിയിരിപ്പുള്ള താഴെപ്പറയുന്ന തുകകൾ നിഷ്ക്രിയമായി അവശേഷിക്കുന്നതായി 31.3.2016ലെ ബാലൻസ് ഷീറ്റ് വ്യക്തമാക്കുന്നു.

| ഉദ്ദേശ്യം | തുക (രൂപ) | | | ഫണ്ട് ലഭ്യമാക്കിയ ഏജൻസി |
|---|---|---|---|---|
| | ലഭിച്ചത് | ചെലവഴിച്ചത് | നീക്കിയിരിപ്പ് | |
| ഉറവിടമാലിന്യസംസ്കരണം | 1094375 | 656625 | 437750 | സമ്പൂർണ്ണ ശുചിത്വമിഷൻ |
| ഒറ്റമരം അങ്കണവാടി നിർമ്മാണം | 688000 | 639400 | 48600 | നബാർഡ് |
| ആകെ | 1782375 | 1296025 | 486350 | |

മേൽപദ്ധതികൾ ഗ്രാമപഞ്ചായത്തിൽ പൂർത്തീകരിച്ചിട്ടുള്ളതിനാൽ അവശേഷിക്കുന്ന തുകകൾ ബന്ധപ്പെട്ട ഏജൻസികളിലേയ്ക്ക് തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 റൂഫിംഗ് പ്രവൃത്തി അധികതുക നല്കിയത് സംബന്ധിച്ച്

1)

| | |
|---|---|
| പ്രോജക്ട്/പ്രോജക്ട് നമ്പർ | കുട്ടിക്കൽ സാംസ്കാരിക നിലയം റൂഫിംഗ്. 100/16 |
| നിർവ്വഹണഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 300000/- ലോകബാങ്ക് സഹായം |
| അളവുപുസ്തകം നംപർ | 735/AEE/kply/2015-16 |
| കൺവീനർ | ശ്രീ.കെ അർ സുരേഷ് കുമാർ |
| കൺവീനർക്ക് തുക നല്കിയതിന്റെ വിവരം | 266686/- ഡി.ഡി.നം 229616/31.03.2016 |
| എസ്റ്റിമേറ്റ് തയ്യാറാക്കിയത് | ഡി.എസ്.ആർ 2014(കോസ്റ്റ് ഇൻഡക്സ്1.4667) |

കുട്ടിക്കൽ കമ്മ്യൂണിറ്റി ഹാളിന്റെ റൂഫിംഗ് എന്ന പ്രവൃത്തിയുടെ ഇനം 1 ആയി ചെയ്തിട്ടുള്ളത് ജി.ഐ പൈപ്പ് (ചതുരം) ഉപയോഗിച്ചുള്ള ട്രസ് വർക്ക് ആണ് .ഇതിൽ 63മി.മീ.പൈപ്പ് തൂണ്,75x40 മീ.മീ പൈപ്പുപയോഗിച്ച് കോടി കഴുക്കോൽ,കഴുക്കോൽ , 25x25മി.മീ പൈപ്പുപയോഗിച്ച് പട്ടിക എന്നിവയും ഉൾപ്പെട്ടിട്ടുണ്ട്. .ഡി.എസ്.ആർ 2014(കോസ്റ്റ് ഇൻഡക്സ്1.4667) 10.16.1 ലെ CPOH ഒഴിവാക്കിയുള്ള131.24 രൂപ പ്രകാരം 87430 രൂപ ചെലവഴിച്ചിട്ടുണ്ട്.വിശദമായി പരിശോധിച്ചതിൽ ഡി.എസ്.ആർ 2014, 10.16.1 ന് ജി.ഐ പൈപ്പ് (ചതുരം) ഉപയോഗിക്കുമ്പോൾ നല്കുന്നതിന് മാർക്കറ്റ് റേറ്റ് അടിസ്ഥാനത്തിൽ ഒബ്സേർവ്ഡ് ഡേറ്റ(BLDG-2( 95))

തയ്യാറാക്കിയിട്ടുള്ളതായും ഇത് CPOH ഒഴിവാക്കി 118.9രൂപ/കി.ഗ്രാം ആണെന്നും കാണുന്നു.ജി.ഐ പൈപ്പ് ഉപയോഗിച്ചുള്ള ട്രസ് വർക്കിന് അനുവദനീയമായ തുക നല്കിയത് മൂലം പഞ്ചായത്തിന് അധികച്ചെലവുണ്ടായിട്ടുണ്ട് .നല്കിയതും യഥാർത്ഥത്തിൽ നൽകേണ്ടിയിരുന്നതുമായ തുകയുടെ വിവരം പട്ടികയായി ചേർക്കുന്നു.

| ക്ര.നം | ഇനം | അളവ്(കി.ഗ്രാം) | അനുവദനീയ മായഡാറ്റ | അനുവദനീയ തുക | നല്കിയ തുക @131.24 | അധികം നല്കിയത് |
|---|---|---|---|---|---|---|
| 1 | 63മി.മീ പോസ്റ്റ് | 139.23 | DSR 10.16.1 | 18273/- @131.24 | | |
| | 100x50 പൈപ്പ് | 102.71 | OD BLDG-2 -95 | 12212/- @118.90 | | |
| 3 | 75x40പൈപ്പ് | 237.93 | OD BLDG-2 -95 | 28290/- @118.90 | | |
| 4 | 25x25 പൈപ്പ് | 177.45 | OD BLDG-2 -95 | 21098/- @118.90 | | |
| 5 | ബേസ്പ്ലേറ്റ് | 8.80 | DSR 10.16.1 | 1155/- @131.24 | | |
| | ആകെ | 666.118 | | 81028/- | 87431/- | 6403/- |

(2)

| | |
|---|---|
| പ്രോജക്ട്/പ്രോജക്ട് നംപർ | ഇളംകാട് കെ അർ നാരായണൻസ്മാരക ഹാൾ നവീകരണം. 169/16 |
| നിർവ്വഹണഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 100000/- ലോകബാങ്ക് സഹായം |
| അളവുപുസ്തകം നംപർ | 256/AEE/kply/2015-16 |
| കൺവീനർ | ശ്രീ.കെ റ്റി ജോർജ് കുട്ടി |
| കൺവീനർക്ക് തുക നല്കിയതിന്റെ വിവരം | 92454/- ഡി.ഡി.നം 227380/30.10.2015 |
| എസ്റ്റിമേറ്റ് തയ്യാറാക്കിയത് | ഡി.എസ്.ആർ 2014 (കോസ്റ്റ് ഇൻഡക്സ്1.4059) |

ഇളംകാട് കെ അർ നാരായണൻസ്മാരക ഹാൾ നവീകരണം എന്ന വേലയുടെ ഇനം 1 ആയി ചെയ്തത് റൂഫിംഗിനു വേണ്ടി 100x50, 25x25 മി.മീ പൈപ്പുകൾ ഉപയോഗിച്ച് കഴുക്കോൽ, പട്ടിക എന്നിവ സ്ഥാപിക്കുകയായിരുന്നു. ട്രസ് വർക്ക് ഇല്ലാതെ (ബിൽറ്റ് അപ് സെക്ഷൻ) ചെയ്തു വേലക്ക് അനുവദനീയമായതുക(OD_BLDG-2-47, കോസ്റ്റ് ഇൻഡക്സ് 1.4059) ആണ്. എന്നാൽ ഡി.എസ്.ആർ 2014(കോസ്റ്റ് ഇൻഡക്സ്1.4095) 10.16.1 ലെ CPOH ഒഴിവാക്കിയുള്ള 126.12 രൂപ അനുവദിച്ചതിലൂടെ പഞ്ചായത്തിന് അധികച്ചെലവുണ്ടായിട്ടുണ്ട് വിശദവിവരം ചുവടെ ചേർക്കുന്നു

| ക്ര.നം | ഇനം | അളവ്(കി.ഗ്രാം) | അനുവദനീയ മായഡാറ്റ | അനുവദനീയ തുക | നല്കിയ തുക @131.24 | അധികം നല്കിയത് |
|---|---|---|---|---|---|---|
| 1 | 100x50 പൈപ്പ് | 256.77 | OD BLDG-2 -47 | 24760/- @96.43മീ | 32383.83 @126.12 | 7624 |
| 2 | 25x25 പൈപ്പ് | 223.86 | OD BLDG-2 -47 | 21587/- @96.43 | 28233.22 @126.12 | 6646 |
| | ആകെ | | | 46347 | 60617 | 14270 |

(3)

| | |
|---|---|
| പ്രോജക്ട്/പ്രോജക്ട് നംപർ | വല്യേന്ത എസ്.റ്റി കമ്മ്യൂണിറ്റിഹാൾ 97/16 |
| നിർവ്വഹണഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 100000/- ലോകബാങ്ക് സഹായം |
| അളവുപുസ്തകം നംപർ | 448/AEE/kply/2015-16 |
| കൺവീനർ | ശ്രീമതി സൂസമ്മ സിജു |
| കൺവീനർക്ക് തുക നല്കിയതിന്റെ വിവരം | 184740/- ഡി.ഡി.നം 229138/18.03.2016 |
| എസ്റ്റിമേറ്റ് തയ്യാറാക്കിയത് | ഡി.എസ്.ആർ 2014(കോസ്റ്റ് ഇൻഡക്സ്1.4059) |

വല്യേന്ത എസ്.റ്റി കമ്മ്യൂണിറ്റിഹാളിന്റെ റൂഫിംഗ് എന്ന പ്രവൃത്തിയുടെ ഇനം 1 ആയി ചെയ്തിട്ടുള്ളത് ജി.ഐ പൈപ്പ് (ചതുരം) ഉപയോഗിച്ചുള്ള ട്രസ് വർക്ക് ആണ്. ഡി.എസ്.ആർ 2014(കോസ്റ്റ് ഇൻഡക്സ്1.4095) 10.16.1 ലെ CPOH ഒഴിവാക്കിയുള്ള126.12രൂപ/കെ.ജി നിരക്കിൽ തുക നല്കിയിട്ടുണ്ട്.വിശദമായി പരിശോധിച്ചതിൽ ഡി.എസ്.ആർ 2014, 10.16.1 ന് ജി.ഐ പൈപ്പ് (ചതുരം) ഉപയോഗിക്കുമ്പോൾ നല്കുന്നതിന് മാർക്കറ്റ് റേറ്റ് അടിസ്ഥാനത്തിൽ ഒബ്സേർവ്ഡ് ഡേറ്റ(BLDG-2( 95)) തയ്യാറാക്കിയിട്ടുള്ളതായും ഇത് CPOH ഒഴിവാക്കി 116.80രൂപ/കി.ഗ്രാം ആണെന്നും കാണുന്നു.ജി.ഐ പൈപ്പ് ഉപയോഗിച്ചുള്ള ട്രസ് വർക്കിന് അനുവദനീയമായ തുക നല്കിയത് മൂലം പഞ്ചായത്തിന് അധികച്ചെലവുണ്ടായിട്ടുണ്ട് .നല്കിയതും യഥാർത്ഥത്തിൽ നൽകേണ്ടിയിരുന്നതുമായ തുകയുടെ വിവരം പട്ടികയായി ചേർക്കുന്നു.

| ക്ര.നം | ഇനം | അളവ്(കി.ഗ്രാം) | അനുവദനീയ മായഡാറ്റ | അനുവദനീയ തുക | നല്കിയ തുക @126.12 | അധികം നല്കിയത് |
|---|---|---|---|---|---|---|
| 1 | 63മി.മീ പോസ്റ്റ് | 238.94 | DSR 10.16.1 | 30135.11 @126.12 | 30135.11 | 0 |
| | 3”x1” പൈപ്പ് | 91.63 | OD BLDG-2 -95 | 10702/- @116.80 | 11556.37 | 854.37 |
| 3 | 2"x1"പൈപ്പ് | 42.28 | OD BLDG-2 -95 | 4938/- | 5332.35 | 394.35 |

| | | | | | | |
|---|---|---|---|---|---|---|
| | | | | @116.80 | | |
| 4 | 4”x2” പൈപ്പ് | 430.8 | OD BLDG-2 -95 | 50317/- @116.80 | 54332.49 | 4015 |
| 5 | ബേസ്പ്ലേറ്റ് | 12.32 | DSR 10.16.1 | 1155/- @126.12 | 1155 | 0 |
| 6 | 1”x1” | 154.82 | OD BLDG-2 -95 | 18083 @116.80 | 19525.89 | 1443 |
| 7 | 3/4”x3/4” | 38.13 | OD BLDG-2 -95 | 4453 @116.80 | 4808.95 | 355 |
| | ആകെ | | | 119783.11 | 126846.16 | 7063.05 |

(4)

| | |
|---|---|
| പ്രോജക്റ്റ്/പ്രോജക്റ്റ് നംപർ | ഇളംകാട് സബ്സെന്റർ മെയിന്റൻസ് 94/16 |
| നിർവ്വഹണഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 150000/- മെയിന്റൻസ്ഗ്രാന്റ് |
| അളവുപുസ്തകം നംപർ | 579/AEE/kply/2015-16 |
| കൺവീനർ | ശ്രീമതി ബിന്ദു ഗിരീഷ് |
| കൺവീനർക്ക് തുക നല്കിയതിന്റെ വിവരം | 138445/- ഡി.ഡി.നം 229135/18.03.2016 |
| എസ്റ്റിമേറ്റ് തയ്യാറാക്കിയത് | ഡി.എസ്.ആർ 2014 (കോസ്റ്റ് ഇൻഡക്സ്1.4467) |

ഇളംകാട് സബ്സെന്റർ മെയിന്റൻസ് റൂഫിംഗ് എന്ന പ്രവൃത്തിയുടെ ഇനം 1 ആയി ചെയ്തിട്ടുള്ളത് ജി.ഐ പൈപ്പ് (ചതുരം) ഉപയോഗിച്ചുള്ള ട്രസ് വർക്ക് ആണ്. ഡി.എസ്.ആർ 2014(കോസ്റ്റ് ഇൻഡക്സ്1.4467) 10.16.1 ലെ CPOH ഒഴിവാക്കിയുള്ള131.24രൂപ/കെ.ജി നിരക്കിൽ തുക നല്കിയിട്ടുണ്ട്.വിശദമായി പരിശോധിച്ചതിൽ ഡി.എസ്.ആർ 2014, 10.16.1 ന് ജി.ഐ പൈപ്പ് (ചതുരം) ഉപയോഗിക്കുമ്പോൾ നല്കുന്നതിന് മാർക്കറ്റ് റേറ്റ് അടിസ്ഥാനത്തിൽ ഒബ്സേർവ്ഡ് ഡേറ്റ (BLDG-2( 95)) തയ്യാറാക്കിയിട്ടുള്ളതായും ഇത് CPOH ഒഴിവാക്കി 118.90രൂപ/കി.ഗ്രാം ആണെന്നും കാണുന്നു. ജി.ഐ പൈപ്പ് ഉപയോഗിച്ചുള്ള ട്രസ് വർക്കിന് അനുവദനീയമായ തുക നല്കിയത് മൂലം പഞ്ചായത്തിന് അധികച്ചെലവുണ്ടായിട്ടുണ്ട്. നല്കിയതും യഥാർത്ഥത്തിൽ നൽകേണ്ടിയിരുന്നതുമായ തുകയുടെ വിവരം പട്ടികയായി ചേർക്കുന്നു.

| ക്ര.നം | ഇനം | അളവ്(കി.ഗ്രാം) | അനുവദനീയ മായഡാറ്റ | അനുവദനീയ തുക | നല്കിയ തുക @131.24 | അധികം നല്കിയത് |
|---|---|---|---|---|---|---|
| 1 | 63മി.മീ പോസ്റ്റ് | 190.9 | DSR 10.16.1 | 25059 | 25059 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | | | @131.24 | | |
| | 3”x1” പൈപ്പ് | 232.4 | OD BLDG-2 -95 | 27632/- @118.90 | 30499 | 2867/- |
| 4 | 4”x2” പൈപ്പ് | 115.7 | OD BLDG-2 -95 | 13756/- @118.90 | 15066 | 1310 |
| 5 | ബേസ്പ്ലേറ്റ് | 10.56 | DSR 10.16.1 | 1386/- @131.24 | 1386 | 0 |
| 6 | 1.25”x1.25” | 145.6 | OD BLDG-2 -95 | 17311/- @118.90 | 19112 | 1801 |
| 7 | 3/4”x3/4” | 29.75 | OD BLDG-2 -95 | 3537/- @118.90 | 3904 | 367 |
| | ആകെ | | | 88681 | 95026 | 6345 |

കോട്ടയം ജില്ലാ സാങ്കേതികസമിതി അംഗീകരിച്ച ഒബ്സേർവ്ഡ് ഡാറ്റ നിലവിലുള്ളപ്പോൾ ചെയ്ത പ്രവൃത്തിക്കല്ലാത്ത ഡാറ്റ ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയതുമൂലം പഞ്ചായത്തിന് ഉണ്ടായ നഷ്ടം 34081 രൂപ (6403+14270+7063+6345) ഉത്തരവാദിയായ അസിസ്റ്റന്റ്എഞ്ചിനീയറിൽ നിന്ന് ഈടാക്കി പഞ്ചായത് ഫണ്ടിൽ അടക്കേണ്ടതാണ്.

## 3-2 ജലനിധി പദ്ധതി

ഗ്രാമപഞ്ചായത്തിന്റെ ജലനിധിയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ വിലയിരുത്തിയതിൽ ആകെ 09 പ്രൊജക്ടുകൾക്ക് ഭരണാനുമതി ലഭിക്കുകയും 07 പദ്ധതികൾ ഗ്രാമ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലായി നടപ്പിലാക്കി കൊണ്ടിരിക്കുന്ന സ്ഥിതിയിലുമാണ്. കിണറുകൾ പണിത് പൈപ്പ് ലൈൻ ഉപയോഗിച്ച് കുടിവെള്ളം ഗുണഭോക്താക്കൾക്ക്എത്തിക്കുന്നതാണ് എല്ലാ പദ്ധതികളും. ഇതു വഴി കുടിവെള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയാണ് ആത്യന്തികമായി ലക്ഷ്യമിടുന്നത്. ജലനിധിയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സെക്രട്ടറിയുടെ പേരിലുള്ള 67317410944 -ാം നമ്പർ അക്കൗണ്ടിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | ഇല്ല |
| വരവ് | 7788903 |
| ആകെ | 7788903 |
| ചെലവ് | 5678354 |
| നീക്കിബാക്കി | 2110549 |

മേൽ പ്രതിപാദിച്ച വരവിൽ 100000 രൂപ ഗ്രാമ പഞ്ചായത്ത് വിഹിത വും 100000 രൂപ ജില്ലാ പഞ്ചായത്ത് വിഹിതവു മാണ്. ചെലവിൽ ജലസേചന പദ്ധതികൾക്കായി ചെലവഴിച്ചത് 3691500 രൂപ മാത്രമാണ്.ബാക്കി തുക പദ്ധതിയേതര ചെലവുകളാണ്.നിലവിൽ ഏറ്റെടുത്ത പ്രൊജക്ടുകളൊന്നും പൂർത്തിയായിട്ടില്ല .ഓഡിറ്റ് വർഷം

ആരംഭിച്ച 04 കുടിവെള്ള പദ്ധതികൾക്കായി താഴെ പ്രതിപാദിക്കും വിവിധ പ്രൊജക്റ്റ് അക്കൗണ്ടുകളിലേക്ക് ജലനിധി അക്കൗണ്ടിൽ നിന്നും ക്രഡിറ്റ് ചെയ്ത തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി | അടങ്കൽ (കിണർ മാത്രം) | അനുവദിച്ച തുക | ചെലവഴിച്ചത് | പാസ്സ് ബുക്ക് പ്രകാരം ബാലൻസ് | അക്കൗണ്ട് നം |
|---|---|---|---|---|---|
| ജെ.ജെ.മർഫി | 1765500 | 1524606 | 950000 | 574600 | 67355725528 |
| എ.പി.അബ്ദുൾ കലാം സ്മാരക ജല നിധി | 1765500 | 1488081 | 1475000 | 13081 | 67356712358 |
| ജ്യോതി ജലനിധി | 1498000 | 1229763 | 845000 | 384763 | 67355728018 |
| താളുങ്കൽ | 1123500 | 944611 | 425000 | 519611 | 67355693209 |

31.03.2016 ന് ശേഷമാണ് മേൽ അക്കൗണ്ടുകളിൽ നിന്നും തുക ചെലവഴിക്കപ്പെട്ടിട്ടുള്ളത് മേൽ പ്രതിപാദിച്ച അക്കൗണ്ടുകൾ കൂടാതെ ഗുണഭോക്തൃ സൊസൈറ്റിൾ നേരിട്ട് സൂക്ഷിക്കുന്ന അക്കൗണ്ടുകൾ നിലവിലുണ്ട്. ഈ അക്കൗണ്ടുകളിൽ ഗുണഭോക്തൃ വിഹിതം ഉൾപ്പെടെയുള്ള വിവിധ വരവുകൾ ഉൾപ്പെടുന്നു.

| പദ്ധതി | അക്കൗണ്ട് നം | നീക്കിബാക്കി |
|---|---|---|
| ജെ.ജെ.മർഫി | 67351081766 | 186614 |
| എ.പി.അബ്ദുൾ കലാം സ്മാരക ജല നിധി | 67356572771 | 1119015 |
| ജ്യോതി ജലനിധി | 67351082012 | 94668 |
| താളുങ്കൽ | 67351287349 | 7421 |

<u>ഓഡിറ്റ് നിഗമനം</u>

1.പദ്ധതി നിർവ്വഹണച്ചെലവിന്റെ പകുതിയോളം പദ്ധതിയേതര ചെലവ് വരുന്ന സാഹചര്യം പരിഗണിക്കേണ്ടതാണ്.

2.സൊസൈറ്റി നേരിട്ട് പിരിക്കുന്ന തുകയുടെ ചെലവ് പരിശോധിക്കപ്പെടേണ്ടതുണ്ട്.

3.നിലവിലുള്ള പൊതുമരാമത്ത് ചട്ടങ്ങളെ അടിസ്ഥാനമാക്കി ഓഡിറ്റ് ചെയ്യപ്പെടേണ്ടതുണ്ട്.

4.നടപ്പിലാക്കിക്കൊണ്ടിരിക്കുന്നപദ്ധതികൾ അടിയന്തിരമായി പൂർത്തിയാക്കുന്ന തിനുള്ള നടപടികളും അനുമതി ലഭിച്ച മറ്റു പ്രോജക്ടുകൾ തുടങ്ങുന്നതിനുമുള്ള നടപടികളും സ്വീകരിക്കേണ്ടതുണ്ട്

മേൽ വിഷയങ്ങളിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ പതിയേണ്ടതാണ്.

## 3-3 പറത്താനം പൊതുകുളവും പരിസരവും വൃത്തിയാക്കൽ- നിർവഹണത്തിലെ അപാകതകൾ

പ്രോജക്ട് നമ്പർ-എസ് 177/2016

അടങ്കൽ- 50000/- (തനതുഫണ്ട്)

ചെലവ്-43000/-(തനതുഫണ്ട്)

ചെക്ക് നമ്പർ- 6589/23.7.2015

പറത്താനം പൊതുകുളം തേകി വൃത്തിയാക്കുന്നതിന് തയ്യാറാക്കിയ ഈ പ്രോജക്ട് പ്രകാരം 6.4.2015മുതൽ 9.4.2015 വരെയുള്ള ദിവസങ്ങളിൽ 10തൊഴിലാളികളെ നിയോഗിച്ച് പ്രവൃത്തിചെയ്യതായി രേഖപ്പെടുത്തി തുക പിൻവലിച്ച് ശ്രീ സി ടി ജോസഫ്, ചേലാട്ട് എന്നയാൾക്ക് നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ, പ്രവൃത്തിയുടെ അംഗീകൃത എസ്റ്റിമേറ്റ്, സാങ്കേതികാനുമതി, ഭരണസമിതി തീരുമാനം, ഗുണഭോക്തൃകമ്മിറ്റി തയ്യാറാക്കിയ കരാർ, അളവുപുസ്തകം, മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ ഇല്ല. ചെലവഴിച്ച തുകയുടെ വിവരങ്ങൾ താഴെപ്പറയുംപ്രകാരമാണ്.

| ഇനം | തുക (രൂപ) |
|---|---|
| 10തൊഴിലാളികളുടെ കൂലി@700 /-രൂപ (6.4.2015മുതൽ 9.4.2015 വരെ) | 28000 |
| 5Hpമോട്ടോർ -വാടക, ഇന്ധനം (5എണ്ണം) | 13000 |
| മോട്ടോർ -ട്രാൻസ്പോർട്ടേഷൻ | 2000 |
| ആകെ | 43000/- |

എന്നാൽ ഈ ചെലവുകളുടെ ആവശ്യകത വ്യക്തമാക്കുന്ന അനുബന്ധരേഖകളുടെ അഭാവത്തിൽ ഈ പ്രവൃത്തിയുടെ ആധികാരികത വ്യക്തമല്ല. ആയതിനാൽ ഈ ചെലവ് നിരാകരിക്കാതിരിക്കുവാൻ കാരണമുണ്ടെങ്കിൽ, ആയതു സംബന്ധിച്ച വ്യക്തമായ വിശദീകരണം 22.10.2016നു മുമ്പായി ഓഡിറ്റിൽ ലഭ്യമാക്കുന്നതിന് നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.ഈസാഹചര്യത്തിൽ ചെലവഴിച്ച 43000/-രൂയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.ആവശ്യമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-4 പാലിയേറ്റീവ് കെയർ പദ്ധതി സർക്കാർ നിർദ്ദേശം മറികടന്ന് റിഫ്രഷ്മെൻറ് ചാർജ്ജ് നൽകിയത് സംബന്ധിച്ച്.

2015-16 വർഷം മെഡിക്കൽ ഓഫീസർ സി.എച്ച്.സി നിർവ്വഹണം നടത്തിയ പ്രോജക്ട് നമ്പർ 85/15-16-ാം പദ്ധതിയായ പാലിയേറ്റീവ് കെയർ യൂണിറ്റ് എന്ന പദ്ധതിയ്ക്ക് ആകെ 361665/രൂപ ചെലവഴിച്ചിട്ടുണ്ട്. (വികസനഫണ്ട് 231933 + ധനകാര്യ കമ്മീഷൻ 129732) ഇതിൽ താഴെ പ്രതിപാദിക്കുന്ന ബിൽ പ്രകാരം ചെലവഴിച്ചിട്ടുള്ള തുകയിൽ സർക്കാർ നിർദ്ദേശം മറികടന്ന് റിഫ്രഷ്മെന്റ് ചാർജ്ജ് നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടു. (ചെക്ക് നമ്പർ 9467536 തീയതി 22/03/2016) സർക്കാർ ഉത്തരവ് ജി.ഒ.(ആർ.റ്റി) നം 3217/15 എൽ.എസ്.ജി.ഡി തീയതി 29/10/2015 പ്രകാരം പരമാവധി 3 പേർക്ക് 60 രൂപ നിരക്കിൽ 180 രൂപയാണ് റിഫ്രഷർമെന്റ് ചാർജ്ജ് ആയി അനുവദിക്കാവുന്നത്. ഈ ഇനത്തിൽ 6080/- രൂപയുടെ അധികച്ചെലവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| തുക ചെലവഴിച്ച തീയതി | ആകെ ദിവസങ്ങൾ | ട്രഷറി ബിൽ നമ്പർ | സർക്കാർ അനുവദിക്കാവുന്ന തുക | അനുവദിച്ച തുക | അധികം നൽകിയ തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | @ 180/per day | | |
| 01./11/15 to 28/11/2015 | 9 | 9/15-16 12/01/2016 | 1620 | 4500 | 2880 |
| 01/12/2015 to 31/03/2016 | 10 | ചെക്ക് നമ്പർ 9467536 തീയതി 22/03/2016 | 1800 | 5000 | 3200 |
| ആകെ | | | 25500 | 42500 | 6080 |

ഈ സാഹചര്യത്തിൽ അധികം ചെലവിട്ട 17000 രൂപ ഉത്തരവാദിയായ മെഡിക്കൽ ഓഫീസറിൽ നിന്നും ഈടാക്കി പഞ്ചായത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 3-5 അംഗപരിമിതർക്ക് മെഡിക്കൽ ക്യാമ്പ് - സഹായോപകരണങ്ങൾ - വിതരണത്തിൽ കാലതാമസം

2015-16 വർഷം മെഡിക്കൽ ഓഫീസർ സി.എച്ച്.സി നിർവഹണം നടത്തിയ പദ്ധതിയാണ് ഇത് . (പ്രോജക്റ്റ് നമ്പർ 86/15-16). ഈ പദ്ധതിയുടെ കീഴിൽ 45000 രൂപ ചെലവഴിച്ച് 6 ഹിയറിംഗ് എയിഡുകളും (7500X6), 34165/- രൂപ ചെലവഴിച്ച് 8 ഇനം സ്റ്റാൻഡേർഡ് സർജിക്കൽസും 28.03.2016 ൽ വാങ്ങുകയുണ്ടായി. എന്നാൽ ഈ സഹായ ഉപകരണങ്ങൾ ഗുണഭോക്താക്കൾക്ക് ഓഡിറ്റ് തീയതി വരെ വിതരണം ചെയ്തിരുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്ര.നം | ഇനം | തുക | ഡി.ഡി.നം<br>ബിൽ നം | തീയതി |
|---|---|---|---|---|
| 1 | സ്റ്റാൻഡേർഡ് സർജിക്കൽസ് | 34165 | 969685 | 28/03/2016 |
| 2 | ഹിയറിംഗ് എയിഡ് | 22500<br>22500 | 229209<br>229208 | 21/03/2016<br>21/03/2016 |
| 3 | ക്യാമ്പ് ചെലവ് | 10000 | ബിൽ നമ്പർ 13/15-16 | 28/03/2016 |

ഇതു സംബന്ധിച്ച് 18-10-2016 ൽ നല്കിയ ഓഡിറ്റ് എൻക്വയറിക്ക് 19-10-16 ൽ ലഭ്യമാക്കിയ മറുപടിയിൽ 18-10-2016 ൽ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത് എന്ന് സൂചിപ്പിച്ചിരിക്കുന്നു. എന്നാൽ വിതരണത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. അംഗപരിമിതർക്കായി വാങ്ങിയ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിലുണ്ടായ കാലതാമസം അംഗീകരിക്കാവുന്നതല്ല. ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 3-6 ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കണ്ട വേലക്ക് ഡി.എസ്.ആർ - പഞ്ചായത്തിന് അനാവശ്യചെലവ്.

കൂട്ടിക്കൽ ഗ്രാമപഞ്ചായത് 2015-16 വർഷം നിർവ്വഹണം നടത്തിയ ഒളയനാട് യു.പി സ്കൂൾ ടോയ് ലറ്റ് നിർമ്മാണം എന്ന വേലയിൽ ക്ര.നം18, 18ബി എന്നിവ പ്രകാരം ചെയ്തിട്ടുള്ളത് (എം.ബി നം587/AEE /KPLY/2015-16) ടോയ് ലറ്റിന് പി.വി.സി വാതിൽ ഘടിപ്പിക്കുകയായിരുന്നു. ഇതിന് ഡി.എസ്.ആർ 9.141 പ്രകാരം749.55/m നിരക്കിൽ 3673 രൂപ ഫ്രെയിമിനും 9.142.1 പ്രകാരം 3309.51/m2 രൂപ നിരക്കിൽ 4865 രൂപ വാതിലിനും നല്കിയിട്ടുണ്ട്. ജി.ഐ പൈപ്പ് ഉപയോഗിച്ച് റീ ഇൻഫോഴ്സ്മെന്റ് ചെയ്യുന്ന തരത്തിലുള്ള വാതിലിനാണ് മേൽ പറഞ്ഞ നിരക്ക് ബാധകമാകുക. പ്രാദേശികമായി അസംബിൾ ചെയ്തതും മാർക്കറ്റ് നിരക്ക് 2200/- വരുന്നതുമായ (ഫിറ്റിംഗ് ഉൾപ്പെടെ) വാതിലുകളാണ് ഘടിപ്പിച്ചിട്ടുള്ളത്. ഇതിന് ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കി തുക നല്കേണ്ടതിനുപകരം ഡി.എസ്.ആർ നല്കിയതിലൂടെ വാതിലൊന്നിന് ഏകദേശം 6300 രൂപയോളം അനാവശ്യ ചെലവ് വന്നിട്ടുണ്ട്. എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടിയിരിക്കുന്നു.

## 3-7 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

2015-16 സാമ്പത്തിക വർഷം കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിൽ2251 പേർക്ക് തൊഴിൽ കാർഡ് ലഭിച്ചിട്ടുണ്ട്.ടി വർഷം ആകെ 57023 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.2015-16 വർഷം സാങ്കേതികാനുമതി ലഭിച്ച 150 പദ്ധതികളിൽ115 എണ്ണം പൂർത്തീകരിച്ചു.ആസ്തി രജിസ്റ്റർ നന്നായി പരിപാലിച്ചിട്ടുണ്ട്. 60 കുടുംബങ്ങൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.പരാതി രജിസ്റ്ററിൽ പരാതികളൊന്നും ലഭിച്ചിട്ടില്ലാത്തതിനാൽ രേഖപ്പെടുത്തലുകൾ ഇല്ല.

## 3-8 ബിറ്റുമിൻ വിലയിലുണ്ടായ ഗണ്യമായ കുറവ് പഞ്ചായത്തിന് നേട്ടം ലഭിച്ചില്ല

കൂട്ടിക്കൽ പഞ്ചായത്തിൽ 2015-16 വർഷം വിവിധ റോഡ്റീടാറിംഗ്/ടാറിംഗ് പ്രവൃത്തികൾക്കായി(ഗുണഭോക്തൃസമിതി) 89 ബാരൽ ബിറ്റുമിൻ ഉപയോഗിച്ചിട്ടുണ്ട്. ഒരു ബാരലിന് 161.8 കി.ഗ്രാം പ്രകാരം 14400കി.ഗ്രാം ബിറ്റുമിൻ ആണ് ഉപയോഗിച്ചത്.ഡി.എസ്.ആർ2014 പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ 1 കി.ഗ്രാം ബിറ്റുമിന്റെ വില താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| ബിറ്റുമിൻ വില(ടൺ) | 41000.00 |
| കൺവേയൻസ് | 106.49 |
| ആകെ | 41106.49 |
| വാട്ടർ ചാർജ് 1% | 411.06 |
| | 41517.55 |
| കോസ്റ്റ് ഇൻഡക്സ് 1.4095 | 58518.98=58.51/kg |

കൺവീനർ ഹാജരാക്കിയിട്ടുള്ള സിഡ്കോ ഇൽവോയ്സ് പ്രകാരം ഇത് കിലോഗ്രാമിന് 35.06 രൂപ (കൺവേയൻസ്അടക്കം) മാത്രമാണ്. വാട്ടർ ചാർജ് 1%കൂടി ഉൾപ്പെടുത്തി (0.35) 35.41രൂപ മാത്രമാണ് കൺവീനർക്ക് നല്കാവുന്നത്. ഇതുപ്രകാരം 14400 കി.ഗ്രാം ബിറ്റുമിന് 23.1രൂപ പ്രകാരം (58.51-35.41=23.10) 332640/-രൂപ പഞ്ചായത്തിന് അനാവശ്യ ചെലവ് വന്നിട്ടുണ്ട്.

ഡി.എസ്.ആർ നിരക്കും, മാർക്കറ്റ് നിരക്കും അന്തരമില്ലെങ്കിൽ കോസ്റ്റ് ഇൻഡക്സ് ഒഴിവാക്കുന്നതിന് സാങ്കേതിക അനുമതി നല്കുന്ന ഉദ്യോഗസ്ഥന് ഡി.എസ്.ആർ ആമുഖം (7) പ്രകാരം അധികാരമുള്ളപ്പോൾ ആയത് പ്രയോഗിക്കുകയോ, കൺവീനർ ഹാജരാക്കിയിട്ടുള്ള ബില്ല് പരിശോധിച്ച് യഥാർത്ഥ ചെലവ് കൺവീനർക്ക് നല്കാനുള്ള സർക്കാർ നിർദ്ദേശം നിർവ്വഹണഉദ്യോഗസ്ഥൻ പാലിക്കുകയോ ചെയ്തിരുന്നെങ്കിൽ പഞ്ചായത്തിന് ഉണ്ടായ നഷ്ടം പരിഹരിക്കാൻ കഴിയുമായിരുന്നു. പ്രസ്തുത വിഷയം വകുപ്പുതലത്തിൽ അന്വേഷിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| കാഞ്ഞിരപ്പള്ളി ബ്ലോക്ക്പഞ്ചായത് | 75000 | ശരീരികമാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 75000 | ഇല്ല |
| | 100000 | പാലിയേറ്റീവ് പരിചരണം | 47065 | 52935 |

| | | | | |
|---|---|---|---|---|
| കോട്ടയം ജില്ലാപഞ്ചായത് | 75000 | ശരീരികമാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 75000 | ഇല്ല |
| | 1000000 | ജലനിധി | 1000000 | ജലനിധിക്ക് കൈമാറി |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്-

ഇല്ല

## 4-4 വായ്പ തിരിച്ചടവിന്റെ വിവരം.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഇ.എം.എസ് | ജി.ഒ(എ.എസ്)1546/10 എൽ.എസ് ജി.ഡി/7.5.2010 | 7050000 | 478786 | 463290 | - | 15496 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 43553200 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 37805679 |
| വരവിനങ്ങളിലുള്ള നഷ്ടം | 22250 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 40161 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 43000 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-9 | 22250 | ശ്രീമതി അന്നമ്മ ജോൺ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-1 | 34081 | ശ്രീമതി അന്നമ്മ ജോൺ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | 6080 | ഡോ.പ്രസൂൺമാത്യൂ, മെഡിക്കൽ ഓഫീസർ സി.എച്ച്.സി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 43000 | ശ്രീ.കെ. സെൻകുമാർ, സെക്രട്ടറി |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം- ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ- ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി അന്നമ്മജോൺ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കൂട്ടിക്കൽ ഗ്രാമപഞ്ചായത്ത് | പേഴത്തുവയലിൽ, നാരകംപുഴ, കൂട്ടിക്കൽ |
| ഡോ.പ്രസൂൺമാത്യൂ, മെഡിക്കൽ ഓഫീസർ സി.എച്ച്.സി, കൂട്ടിക്കൽ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, കൂട്ടിക്കൽ | മേമലക്കുന്നേൽ, മുണ്ടക്കയം, കോട്ടയം ജില്ല |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 97-98 ചെലവ് | എൽ.എഫ്.കെ.പി.13/623(1)അദാലത്ത്/14/28.11.14 | -- | |
| 97-98 വരവ് | എൽ.എഫ്.കെ.പി.13/623(1)അദാലത്ത്/14/28.11.14 | 1 | |
| 98-99 ചെലവ് | എൽ.എഫ്.കെ.പി.13/623(2)അദാലത്ത്/14/23.12.14 | 1 | |
| 98-99 വരവ് | എൽ.എഫ്.കെ.പി.9/1383/07/20.4.09/7.8.09 | | |
| 1999-00 | എൽ.എഫ്.കെ.പി.13/623(3)അദാലത്ത്/14/23.12.14 | 10 | |
| 2000-01 | എൽ.എഫ്.കെ.പി.13/623(4)അദാലത്ത്/14/22.12.14 | 9 | |

| | | | |
|---|---|---|---|
| 2001-02 | എൽ.എഫ്.കെ.പി.13/623(5)അദാലത്ത്/14/12.1.15 | 16 | |
| 2002-03 ചെലവ് | എൽ.എഫ്.കെ.പി.9/812/06/23.1.07 | | |
| 2002-03 വരവ് | എൽ.എഫ്.കെ.പി.9/1384/07/6.7.09 | | |
| 2003-04 | എൽ.എഫ്.കെ.പി.9/1385/07/30.6.09/8.9.09 | | |
| 2004-05 | എൽ.എഫ്.കെ.പി.9/1386/07/6.7.09 | | |
| 2005-06 | എൽ.എഫ്.കെ.പി.9/346/09/10.8.10/30.8.10 | | |
| 2006-07 | എൽ.എഫ്.കെ.പി.9/574/10/13.8.10/2.9.10 | | |
| 2007-08 | എൽ.എഫ്.കെ.പി.13/1391/11/1.11.12/6.11.12 | 11 | |
| 2008-09 | എൽ.എഫ്.കെ.പി.13/1196/2012(1) | 17 | |
| 2009-10, 10-11 | എൽ.എഫ്.കെ.പി.13/758/14/10.9.14 | 14 | |
| 2011-12, 12-13 | എൽ.എഫ്.കെ.പി.13/1249/14/10.8.15 | 29 | |
| 2014-15 | കെഎസ്എ-കെടിഎം.പി.13/311/2016 | 11 | |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

# അനുബന്ധം1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ-കെ.ടി.എം.പി.13-1726/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.
ഫോൺ: 04812564886
ഇ-മെയിൽ: doktm.ksad@kerala.gov.in
തീയതി- 05.11.2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക ഞാൻ പരിശോധിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 2-1 ൽ വിശദീകരിക്കുന്ന അപാകതകൾ ഒഴിച്ചാൽ എന്റെ അഭിപ്രായത്തിൽ വാർഷികധനകാര്യപത്രിക കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷങ്ങളിലെ വരവ്-ചെലവുകണക്കുളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു.ഇത് തയ്യാറാക്കിയത് 1994 ലെ കേരളാപഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പും 2011 കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങളും അനുസരിച്ചാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ല ഓഡിറ്റ് കാര്യാലയം, കോട്ടയം.